പത്രക്കുറിപ്പ്

# ബോംബ് സ്ഫോടനക്കേസിലെ പ്രതി പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 92 പേർക്കെതിരെ നിയമനടപടി 26,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- തുമ്പ ആറ്റിൻകുഴി റെയിൽവേ ക്വാർട്ടേഴ്സിനു സമീപം പാർക്കു ചെയ്തിരുന്ന കാറിനടിയിൽ നാടൻ ബോംബു വച്ച് സ്ഫോടനം നടത്തിയ കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പള്ളിത്തുറ വാർഡിൽ ആറ്റിൻകുഴി മണക്കാട്ടു വിളാകം വീട്ടിൽ മുട്ട വിനോദ് എന്നു വിളിക്കുന്ന വിനോദ് (30) നെയാണ് തുമ്പ പോലീസ് അറസ്റ്റ്



തുമ്പ പോലീസ് അറസ്റ്റ് ചെയ്ത
വിനോദ് (30)

ചെയ്തത്. ജനുവരി 10- നാണ് സംഭവം നടന്നത്. സമീപത്തെ സി. സി. റ്റി. വി ദൃശ്യങ്ങൾ പരിശോധിച്ച് പ്രതിയെ തിരിച്ചറിഞ്ഞ പോലീസ്, ഇയാളുടെ വീട്ടിൽ നിന്ന് നാടൻ ബോംബുകൾ കണ്ടെടുക്കുകയും ചെയ്തിരുന്നു. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ കുറിച്ച് കഴക്കൂട്ടം സൈബർ സിറ്റി അസി. കമ്മീഷണർ അനിൽകുമാറിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ തുമ്പ എസ്. എച്ച്. ഒ അജേഷ് . വി യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ്

ഇന്നലെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (22-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 92 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 38 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 50 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 26,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
22-01-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**തിരുവനന്തപുരം സിറ്റി**